കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തഴവ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1806/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -23/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തഴവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തഴവ ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തഴവ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-8/1806/2017 തീയതി:23/10/2017

## കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-11-2016 മുതൽ 20-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-09-2017മുതൽ 23-09-2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി.കെ.എസ് | ഓഡിറ്റ്ഓഫീസർ, (ഹയർഗ്രേഡ്) |
| | ശ്രീമതി.സോണിയ.ജെ. സെബാസ്റ്റ്യൻ | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിതസെബാസ്റ്റ്യൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീലത.എസ് | 1.4.2016മുതൽ മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.ഇ.സിറാജ്ജുദ്ദീൻ | 1.4.2016മുതൽ 31.5.2016 വരെ |
| | ശ്രീ.മനോജ്.വി | 1.6.2016മുതൽ 31.7.2016വരെ |
| | ശ്രീ.എസ്.പ്രദീപ് | 1.8.2016മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.റജീന ജേക്കബ് | 1.4.2016 മുതൽ 11.7.2016 വരെ |

| | | |
|---|---|---|
| | ശ്രീമതി.സജിത | 12.7.2016മുതൽ 27.7.2016 വരെ |
| | ശ്രീമതി.റോസലിന്റ് | 28.7.2016മുതൽ 31.3.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. സുജ.റ്റി.നായർ | 1.4.2016മുതൽ 21.12.2016 വരെ |
| | ഡോ.ഡി.വി.ബീന | 22.12.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദീപ്തി.എസ്.ബാല | 1.4.2016മുതൽ 30.4.2016 വരെ |
| | ഡോ.ഷെഹന.എസ് | 1.5.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. എ.ബീന | 1.4.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കെ.മിനി | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീ.വാവാക്കുട്ടൻ | 1.4.2016 മുതൽ 3.11.2016 വരെ |
| | ശ്രീ.രാഗേഷ് കുമാർ | 4.11.2016മുതൽ 31.3.2017 |

| | | |
|---|---|---|
| | | വരെ |
| വി.ഇ.ഒ (ബി സർക്കിൾ) | ശ്രീ.അനീഷ് കുമാർ | 1.4.2016മുതൽ 28.10.2016 വരെ |
| | ശ്രീമതി.ജിനു.എസ് | 29.10.2016മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സനൽ കുമാർ | 1.4.2016മുതൽ 28.6.2016 വരെ |
| | ശ്രീമതി.ജയശ്രീ.കെ | 29.6.2016മുതൽ 31.3.2017 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.വി.വി.ശോഭന കുമാരി | 1.4.2016മുതൽ 31.3.2017 വരെ |
| അസി.സെക്രട്ടറി. | ശ്രീ.മനോജ്.വി | 1.4.2016മുതൽ 04.1.2017 വരെ |
| | ശ്രീ.ബി.സുരേഷ് കുമാർ | 5.1.2017മുതൽ 31.3.2017 വരെ |
| അസി.എഞ്ചിനീയർ | 1)ശ്രീ.രഞ്ജിത്ത് കൃഷ്ണൻ | 1.4.2016മുതൽ 31.3.2017 വരെ |

## ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ലൈബ്രറി സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ | 2-1 |
| 13 | കെട്ടിട നമ്പറിംഗ് - ലഭിച്ച അപേക്ഷകളിൻമേൽ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടില്ല | 2-2 |
| 14 | തൊഴിൽനികുതി-അപാകതകൾ | 2-3 |

| | | |
|---|---|---|
| 15 | ഇ-ടെണ്ടർ ഫോറവില ഈടാക്കുന്നില്ല. | 2-4 |
| 16 | ഡി & ഒ ലൈസൻസ് ഫീ-അപാകതകൾ | 2-5 |
| 17 | ലൈബ്രറി സെസ്സ് തുക അടവാക്കിയില്ല | 2-6 |
| | ഭാഗം 3 | |
| 16 | മരുന്ന് ലഭ്യമായില്ല- 6,99,401/- രൂപ തടസ്സപ്പെടുത്തുന്നു | 3-1 |
| 17 | കന്നുകുട്ടിപരിപാലനപദ്ധതി-തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | ഡെപ്പോസിറ്റ് വർക്കുകൾ --തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 19 | വിശദമായ വിനിയോഗരേഖകളില്ല - തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 20 | അംഗനവാടികൾക്ക് വാട്ടർ കണക്ഷനില്ല | 3-5 |
| 21 | മരാമത്തുപ്രവർത്തികൾ-അവലോകനം | 3-6 |
| 22 | സ്ട്രീറ്റ് മെയിൻ വലിക്കൽ -അപാകതകൾ | 3-7 |
| 23 | ഇലക്ഷൻ കമ്മീഷൻ തുക തിരികെ ഈടാക്കിയില്ല | 3-8 |
| 24 | വൈദ്യുതി ചാർജ്, വെള്ളക്കരം-കൃത്യത ഉറപ്പ് വരുത്തേണ്ടതാണ് | 3-9 |
| | ഭാഗം 4 | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 27 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 33 | സാക്ഷ്യപത്രം | 4-10 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016 തിയതിയിലെ 1- ാംതീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി

സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 25-06-2017 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 20-09-2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു).

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -1,65,62,120

വരവ് - 6,82,85,335

ആകെ -8,48,47,455

ചെലവ് -6,26,33,926

നീക്കിയിരിപ്പ്-2,22,13,529

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,67,30,399 | 1,67,30,399 | 1,67,30,399 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 54,96,986 | 54,96,986 | 54,96,986 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 48,183 | 48,183 | 48,183 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13,47,350 | 13,47,350 | 13,47,350 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 44,93,983 | 44,93,983 | 44,93,983 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 78,64,553 | 78,64,553 | 78,64,553 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 53,93,794 | 53,93,794 | 53,93,794 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 8,156 | 3,70,25,639 | 3,70,33,795 | 3,70,26,453 | 7,342 | 99 |
| ബി ഫണ്ട് | 0 | 6,18,59,995 | 6,18,59,995 | 6,18,59,995 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ്വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 60269024 | 86 | 42278804 | 35 | 18 | 62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 53,82,087 | 64,18,719 | 10,36,632 | |
| നികുതിയേതര വരവുകൾ | 1059733 | 8,31,678 | (-)22,8055 | |
| മറ്റുവരവുകൾ | 2,05,357 | 1,40,429 | (-)64,928 | |
| ആകെ | 66,47,177 | 73,90,826 | 7,43,649 | 11 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,86,720 | 301 |
| കർഷകതൊഴിലാളി പെൻഷൻ | 93,54,330 | 970 |
| വിധവാപെൻഷൻ | 1,96,76,450 | 1742 |
| വാർദ്ധക്യകാലപെൻഷൻ | 2,45,78,810 | 2644 |
| വികലാംഗപെൻഷൻ | 68,69,255 | 594 |
| അൻപത് വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതര | 5,94,430 | 58 |
| വിവാഹധനസഹായം | 3,00,000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-09-2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,169/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ആസ്തി രജിസ്റ്റർ കൃത്യമായി

പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.05.2017 | 03/2017 | ---- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.04.2016 - 29.04.2016 | 2011-12- 2015-16 | 1.6.17 |

## ഭാഗം-2

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ - അപാകതകൾ

എ.വി.ജി.എൽ.പി.എസ്സിലെ എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നം.99/17,28-3-2017 പ്രകാരം കറൻറ് ബുക്ക്സിൽനിന്നും ലഭ്യമായ 50,000/-രൂപയുടെ ഏകദേശം 300 ബുക്കുകൾ പഞ്ചായത്തുപരിധിയിലുള്ള കടത്തൂർ സാംസ്കാരികനിലയത്തിലും, പാവുമ്പയിലുള്ള ലൈബ്രറിയിലുമായി നല്കുകയും അവ പുതിയ സ്റ്റോക്ക്രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിലും ജനകീയ പദ്ധതിയിൽ ഉൾപ്പെടുത്തി പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആയവ സംബന്ധിച്ച വിശദാംശങ്ങളൊന്നും സ്റ്റോക്കുരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കടത്തൂർ സാംസ്കാരികനിലയത്തിൽനിന്നും ലഭ്യമാക്കിയ പഴയ സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ല. പാവുമ്പയിലുള്ള ലൈബ്രറിയിലെ പഴയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയതുമില്ല. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്. മുൻവർഷങ്ങളിൽ ലഭ്യമായ ബുക്കുകളുടെ രേഖപ്പെടുത്തലുകളുടെ തുടർച്ചയെന്നോണം ടി ബുക്കുകളുടെ രേഖപ്പെടുത്തലുകൾ വരുത്തി സ്റ്റോക്ക്രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. പഴയതും പേജുകൾ ഇളകിതുടങ്ങിയതുമായ ബുക്കുകൾ ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ടതുമാണ്.

## 2-2 കെട്ടിട നമ്പറിംഗിന് ലഭിച്ച അപേക്ഷയിൻമേൽ ഉചിതമായ നടപടികൾ സ്വീകരിച്ചില്ല

2016-17 വർഷം കെട്ടിട നമ്പറിംഗിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ, ചട്ടലംഘനങ്ങൾ നടത്തിയതുമൂലവും, ആവശ്യമായ രേഖകളില്ലാത്തതുകൊണ്ടും അപേക്ഷ നിരസിക്കപ്പെട്ട കെട്ടിടങ്ങളെ അനധികൃതനിർമ്മാണത്തിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്തു രാജ് ആക്ട് സെക്ഷൻ 235എ എ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ കെട്ടിടഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും, സർചാർജ്ജും)ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിടനമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിടനമ്പർ നൽകുന്നത് 235എഎ വകുപ്പ്പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ നമ്പറിംഗിനുള്ള അപേക്ഷ നിരസിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകുകയും, അവയ്ക്കെതിരെ സ്വീകരിക്കേണ്ട നിയമാനുസൃതനടപടികൾക്ക് ഭംഗംവരാതെ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതുമാണ്.

2016-17 വർഷം കെട്ടിട നമ്പറിംഗിനായി ലഭിച്ചതും,അവയിൽ നിരസിക്കപ്പെട്ടതുമായ രണ്ട് അപേക്ഷകളിൽനിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷ നം. | അപേക്ഷകന്റെ പേര് | വാർഡ് | സർവ്വെ നം. | കെട്ടിടത്തിൻെറ തരം | അപേക്ഷ നിരസിച്ചതിൻെറ കാരണം |
|---|---|---|---|---|---|
| 3695/16, 18-5-2016 | ശ്രീ.ഹബീബുള്ള | 19 | 203/12-6 | വാണിജ്യം | കെ.പി.ബി.ആർ. ലംഘനം |
| 39/17,38 /17,3-1-2017 | ശ്രീ.രാജൻ, കൃഷ്ണപ്രിയ, പാവുമ്പ | ലഭ്യമല്ല | 337/5 | ഗാർഹികം/ വാണിജ്യം | കെ.പി.ബി.ആർ. ലംഘനം |

സ്ഥലപരിശോധന നടത്തിയതിൽ ശ്രീ.ഹബീബുള്ളയുടെ ഉടമസ്ഥതയിലുള്ള

ബഹുനില കെട്ടിടത്തിൽ ഒരു പൊടിപ്പുമില്ല് പ്രവർത്തിക്കുന്നതായും, ശ്രീ.രാജൻെറ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മൂന്ന് കടമുറികൾ പ്രവർത്തിക്കുന്നതായും ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6,22-9-2017) ടി കെട്ടിടങ്ങൾ നിയമാനുസൃത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് മറുപടി ലഭിച്ചു.

എന്നാൽ ഇവക്ക് നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകുന്ന യു.എ നമ്പർ നൽകുകയോ, ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. വരുംവർഷങ്ങളിലും ഇത്തരത്തിൽ നമ്പറിംഗിനുള്ള അപേക്ഷ നിരസിക്കപ്പെടുന്ന കെട്ടിടങ്ങളെ യഥാസമയം യു.എ രജിസ്റ്ററിൽചേർത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ തൊഴിൽനികുതി സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | അർദ്ധവർഷം |
|---|---|---|
| 1 | റ്റി.എം.എം.ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 1&2 |
| 2 | തമ്പുരാൻ ഡ്രൈവിംഗ് സ്കൂൾ, കുതിരപ്പന്തി | 1&2 |
| 3 | തഴവ ആർട്ട്സ് ആൻറ് സയൻസ് കോളജ് | 1&2 |
| 4 | ഓംകാർ ഡ്രൈവിംഗ് സ്കൂൾ,വാർഡ് 19 | 1&2 |
| 5 | സിറ്റി ഡ്രൈവിംഗ് സ്കൂൾ,ചിറ്റുമൂല | 1&2 |

2.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | തഴവ ആർട്ട്സ് ആൻറ് സയൻസ് കോളജ് | 1&2 |
| 2 | എം.ജി.ചിറ്റ്സ് ആൻറ് ഫൈനാൻസ് | 1 |

| | | |
|---|---|---|
| 3 | പ്രകൃതി ജീവനാലയം | 1 |
| 4 | തഴവ സെൻട്രൽ Q 134(D)APCOS | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3,19-9-2017)തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിനുണ്ടായ വരുമാനനഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഇ-ടെൻഡർ ഫീ - തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം 48 മരാമത്ത്പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്.ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ, 1,62,970/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട് . പ്രസ്തുതതുക തിരികെ ഈടാക്കുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കാത്തപക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ തുക തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിലും ഈയിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് അർഹമായ പ്രസ്തുത വരവുതുകകൾ തിരികെ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഓ ലൈസൻസ്

ഗ്രാമപഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തികവർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല.

2.1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10

പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

3.ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം പ്ലാസ്റ്റിക്ക് നിരോധനസാക്ഷ്യപത്രം (16.03.2007-ലെ GO(P)795/07/LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം) ഉൾക്കൊള്ളിച്ചിട്ടില്ല. ഈ വിഷയങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങളുണ്ടായിട്ടും ആയത് പാലിക്കാതിരിക്കുന്നത് തെറ്റായ നടപടിയാണ്.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ലൈബ്രറി സെസ്സ് തുക അടവാക്കാൻ അവശേഷിക്കുന്നു

2015-16 രണ്ടാം അർദ്ധവർഷം മുതലുള്ള ലൈബ്രറി സെസ്സ് അടവാക്കാൻ അവശേഷിക്കുന്നു.

| വർഷം (അർദ്ധവർഷം) | തുക |
|---|---|
| 2015-16 (2) | 1,50,661/- രൂപ |
| 2016-17 (1 & 2) | 2,27,314/-രൂപ |
| ആകെ | 3,77,975/-രൂപ |

ടി തുക അടവാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് ലഭ്യമായില്ല, 6,99,401/- രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലെ മെഡിക്കൽ ഓഫീസർമാർ 2016-17 സാമ്പത്തികവർഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി സർക്കാർ ഏജൻസികൾക്ക് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | നിർവഹണ | നൽകിയ തുക/ | ബിൽ നം/ | തുക | ലഭിക്കാ |
|---|---|---|---|---|---|

| നം | ഉദ്യോഗസ്ഥൻ/ പദ്ധതി | പെർഫോർമ ഇൻവോയ്സ്. | ഫണ്ടിനം | കൈപ്പറ്റിയ ഏജൻസി | നല്ല മരുന്ന് (രൂപ) |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- 82/17 | 5,00,000/- PRFNo- 136/18.10.16 | 2/16-17; 24.10.16 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) | ഔഷധി | 3868 |
| 2 | മെഡിക്കൽ ഓഫീസർ (ആയുർവേദം) സമഗ്ര ആരോഗ്യ പദ്ധതി- 84/17 | 2,00,000/-PRFNo- 417/17.12.16 | 3/16-17;17.1.17 വികസന ഫണ്ട് (ജനറൽ) | ഔഷധി | 1,37,729/- |
| 3 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) പാലിയേറ്റീവ് കെയർ- 93/17 | 1,17,000/- PRFNo- 3084;03.3.17 | 3/16-17; 25.3.17 വികസനഫണ്ട് (ജനറൽ) | കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 1,17,000/- |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) ഹോമിയോ ആശുപത്രിക്ക മരുന്ന വാങ്ങൽ -83/17 | 2,00,000/- PRFNo- 55/23.09.16 | 1/16-17; 18.10.2016 (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | ഹോംകോ | 66,600/- |
| | | | | | 3,25,197/- |

മരുന്നുകൾ ലഭ്യമാകുന്നതു വരെ 3,25,197/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 <u>കന്നുകുട്ടിപരിപാലനപദ്ധതി-**6,25,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 100 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി

വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനപദ്ധതികൾക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് വികസനഫണ്ടിൽ (പൊതുവിഭാഗം ) നിന്നും
താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 60/17 | 1/16-17/8.2.17 | 6,25,000 |
| | ആകെ | 6,25,000/- |

ജനറൽവിഭാഗത്തിലെ 100 ഗുണഭോക്താക്കൾക്കായാണ് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. ഗുണഭോക്താക്കളെ എൻറോൾ ചെയ്തതിന്റെയും, തഴവ സെൻട്രൽ , പാവുമ്പ, മണപ്പള്ളി തെക്ക് , കുറ്റിപ്പുറം, തഴവ ക്ഷീരസംഘങ്ങളെ കാലിത്തീറ്റവിതരണം ഏൽപ്പിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 24.1.17 ലെ (8) നം തീരുമാനത്തിന്റെയും വിശദാംശങ്ങൾ ഹാജരാക്കിയെങ്കിലും ഫണ്ടിന്റെ നാളിതുവരെയുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-1/16-17/13.9.17) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ 6,25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് വർക്കുകൾ- **89,27,868/-**തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം | മുൻകൂർ നൽകിയ തുക | ഫണ്ടിനം | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മണപ്പള്ളി | ലൈൻ എക്സ്റ്റൻഷനും, മീറ്റർ സ്ഥാപിക്കലും (പ്രോജക്റ്റ് നം-133/17) | വൗച്ചർ നം 700/17 | 20,36,200 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഓച്ചിറ. | ലൈൻ എക്സ്റ്റൻഷനം, മീറ്റർ സ്ഥാപിക്കലും (പ്രോജക്ട് നം-133/17) | വൗച്ചർ 681/17 | 1,59,970 | വികസന ഫണ്ട് (ജനറൽ) | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3 | അസി. എഞ്ചിനീയർ, കെ.എസ് .ഇ.ബി, ഇലക്ട്രി ക്കൽ സെക്ഷൻ, കരുനാഗപ്പള്ളി നോർത്ത്. | ലൈൻ എക്സ്റ്റൻഷനം, മീറ്റർ സ്ഥാപിക്കലും (പ്രോജക്ട് നം-133/17) | വൗച്ചർ നം 682/17 | 3,49,250 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 4 | അസി. എഞ്ചിനീയർ, കെ.എസ്. ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മണപ്പള്ളി | ലൈൻ എക്സ്റ്റൻഷനം, മീറ്റർ സ്ഥാ പിക്കലും (പ്രോജക്ട് നം-133/17) | വൗച്ചർ നം-854/17 | 15,45,950 | വികസന ഫണ്ട് (ജനറൽ) | ഗ്രാമ പഞ്ചാ യത്ത് സെക്രട്ടറി |
| 5 | കേരള വാട്ടർ അതോറിറ്റി | തട്ടാശ്ശേരി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം-130/17) | ബിൽനം -3/16-17; 16.12.16 | 6,75,198 | വികസന ഫണ്ട് (എസ്. സി.പി) | അസി. സെക്രട്ടറി |
| 6 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ | വൗച്ചർ നം- 683/17, | 33,00,000 | ധനകാര്യ കമ്മീഷൻ അവാർഡ്- | ഗ്രാമ പഞ്ചാ യത്ത് |

| | | | | | | |
|---|---|---|---|---|---|---|
| | | എക്സ്റ്റൻഷൻ (പ്രോജക്ട് നം-131/17) | 684/17, 685/17 | | 375723 ലോകബാങ്ക് സഹായം- 2900135 | സെക്രട്ടറി |
| 7 | കേരള വാട്ടർ അതോ റിറ്റി | അംഗന വാടി കൾക്ക് കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം-80/17) | വൗച്ചർ നം- 845/17 | 2,02,000 | മെയിന്റ നൻസ് ഗ്രാന്റ് (നോൺ റോഡ്) | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 8 | കേരള വാട്ടർ അതോറിറ്റി | കടത്തൂർ എസ്.സി കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം-144/17) | വൗച്ചർ നം- 847/17 | 4,00,000 | വികസന ഫണ്ട് (എസ്.സി.പി) | ഗ്രാമ പഞ്ചാ യത്ത് സെക്രട്ടറി |
| 9 | പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷൻ | അംഗനവാടി കൾക്ക് വൈദ്യുത കണക്ഷൻ (പ്രോജക്ട് നം-79/17) | വൗച്ചർ നം- 779/17, 780/17 | 2,59,300 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | ഗ്രാമ പഞ്ചാ യത്ത് സെക്രട്ടറി |
| | | | ആകെ | 89,27,868/- | | |

മേൽ വർക്കുകളുടെ പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയല്ല. ആയതിനാൽ ആകെ ചെലവഴിച്ച തുക 89,27,868/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും തുക പൂർണ്ണമായി ചെലവഴിച്ചതിന്റെയും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് നം 311/14 തീയതി

30.7.14 അനുസരിച്ച് ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റിന്റെ 8% സെന്റേജ് ചാർജ്ജ് ഒടുക്കിയാൽ മതി.എന്നാൽ വാട്ടർ അതോറിറ്റിയിൽ വിവിധ പദ്ധതികൾക്കായി 12.5% സെന്റേജ് ചാർജ്ജും പൊതുമരാമത്തുവകുപ്പിൽ 10% സെന്റേജ് ചാർജ്ജും ഒടുക്കുവരുത്തി. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 <u>വിശദമായ വിനിയോഗരേഖകളില്ല,ചെലവു തുക-16,46,736/- തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട് :എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ

പ്രോജക്ട് നമ്പർ -88/2017

അടങ്കൽ-

വികസന ഫണ്ട്(പൊതുവിഭാഗം)-16,46,736/-

ചെലവ്-16,46,736/-

ബിൽനം-1/16-17;24.10.16-10,00,000/-

2/16-17;27.2.17-6,46,736/-

നിർവ്വഹണം:ഹെഡ്മിസ്ട്രസ്സ്

ആറ് വയസ്സുമുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വശിക്ഷാഅഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 16,46,736/- പഞ്ചായത്തുഫണ്ടിൽനിന്നും ഓഡിറ്റ് വർഷം പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റുരസീതും തുക വിനിയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രവും ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ അപാകതകൾ ചുവടെ ചേർക്കുന്നു.

1.18/08/2012ലെ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013ലെ (എം.എസ്)362/2013/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ] തദ്ദേശഭരണസ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനുവേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തനകമ്മിറ്റിയുടെ പങ്കാളിത്തത്തോടെ

തദ്ദേശഭരണസ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനകമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2.എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, വിനിയോഗസാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തൻവർഷം എസ്.എസ്.എ. ആക്ഷൻ പ്ലാൻപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 16,46,736/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 അംഗനവാടി കെട്ടിടങ്ങൾക്ക് വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവയ്ക്ക് തുക ഒടുക്കുവരുത്തിയെങ്കിലും നടപടി വൈകുന്നു

10-6-16-ലെ 19-ാംനമ്പർ തീരുമാനപ്രകാരം 8 അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് 7-7-16-ലെ T4-8643/15 പ്രകാരം കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയർ, വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയത് അനുസരിച്ച് ടി അങ്കണവാടികൾക്ക് ഓരോന്നിനും എസ്റ്റിമേറ്റ് തയ്യാറാക്കി 2,03,400/-രൂപ ഒടുക്കുന്നതിന് ആവശ്യപ്പെട്ടു. (29-9-16 ലെ DB2-2499/16-നം.കത്ത്). 16-17-ലെ എസ്.ഒ-80/16-17-ൽ 2,02,000/-രൂപ മെയിൻറനൻസ് ഫണ്ട് വകയിരുത്തുകയും ടി തുക എക്സി.എൻജിനീയറുടെ അക്കൗണ്ടുനമ്പർ 67000644164-ൽ ഒടുക്കുവരുത്തിയിട്ടുണ്ട്. ടി തുക ഒടുക്കുവരുത്തിയ രസീത് ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. പഞ്ചായത്തിൽനിന്നും ജലഅതോറിറ്റിയുടെ എസ്റ്റിമേറ്റ്പ്രകാരം ട്രഷറിവഴി ഓൺലൈൻ മുഖേന കൊല്ലം പി.എച്ച് ഡിവിഷനിൽ ഒടുക്ക് വരുത്തിയ തുകകളുടെ വിശദവിവരം ആവശ്യപ്പെട്ടതനുസരിച്ച് ടി വിവരങ്ങൾ അയച്ചുകൊടുത്തു. ഓൺലൈനായി പണം ഒടുക്കിയെങ്കിലും ഈ പണം ഏത് പ്രോജക്ടിനായി ഒടുക്കിഎന്നതും, അതിന്റെ എസ്റ്റിമേറ്റിന്റെ പകർപ്പും ഓൺലൈനയി പണം ഒടുക്കിയതിന്റെ രേഖകളും ലഭ്യമാകാത്തതിനാൽ തുടർപ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് 18.7.17 ൽ കൊല്ലം പി.എച്ച് ഡിവിഷനിൽനിന്നും

പഞ്ചായത്തുസെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സമയോചിതമായി നടപടി സ്വീകരിക്കുന്നതിൽ വാട്ടർഅതോറിറ്റിയുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി ഓഡിറ്റിൽ വിലയിരുത്തുന്നു.
പ്രോജക്ട്നം. 79/17-ൽ മെയിന്റനൻസ് ഫണ്ടിൽനിന്നും 76,488/-രൂപ 6 അങ്കണ വാടികളുടെ വൈദ്യുതീകരണത്തിനായി വകയിരുത്തിയിരുന്നു. പൊതുമരാമത്ത് വിഭാഗം അസി. എക്സി.എഞ്ചിനീയറുടെ ഡിമാന്റ് നോട്ടീസ് നം-904/16 തീയതി 25.8.16 അനുസരിച്ച് 1,71,700/- രൂപയും നം 905/16 / 8.3.17 അനുസരിച്ച് 87,600രൂപയും 22.3.17ൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 21-9-17-ൽ ഓഡിററ് ടീം നടത്തിയ സ്ഥലപരിശോധനയിൽ അംഗണവാടി നം.101-ന് ഇതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്നും മരാമത്തുപ്രവൃത്തികൾ സൗകര്യപ്രദമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ജലം, വൈദ്യുതി എന്നിവയുടെ അഭാവം കുട്ടികളെയും ജീവനക്കാരെയും ഏറെ ബുദ്ധിമുട്ടിക്കുന്നതായും ബോധ്യപ്പെട്ടു.

## 3-6 മരാമത്തുപണികൾ

2016-17 സാമ്പത്തികവർഷം 69 പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നുവെങ്കിലും 29 പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയത്. 16 വർക്കുകൾ 2017-18 സാമ്പത്തികവർഷം പൂർത്തിയാക്കിയിട്ടുണ്ട്. 8 അങ്കണവാടികളുടെ പുനരുദ്ധാരണപ്രവൃത്തികൾ നടത്തിയതിൽ 5, 15, 16 എന്നീ വാർഡുകളിലെ അങ്കണവാടിനം. 100, 101, 123, 83 എന്നിവയിൽ നടത്തിയ പരിശോധനയിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നവിധത്തിൽ ചുറ്റമതിൽ, ഗേറ്റ് എന്നിവ നിർമ്മിച്ചതും, മുറ്റം ഇന്റർലോക്കിംഗ് തറയോട് പാകിയതും അഭിനന്ദനീയമാണ്. വെള്ളക്കെട്ടുനിറഞ്ഞതും ചതുപ്പുപ്രദേശമായ ടി വാർഡുകളിൽ നിർമ്മിച്ചിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികളുടെ സ്ഥലപരിശോധനയിൽ ടി റോഡുകൾക്ക് യാതൊരുവിധ കേടുപാടുകളും വന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടു .

1. തൈക്കൂട്ടത്തിൽ റോഡ് കോൺക്രീറ്റിംഗ്

2.ശാന്തീഗ്രാമംറോഡ് കോൺക്രീറ്റിംഗ്

3.കാഞ്ഞിലേത്ത്-ലെവൽക്രോസ് കോൺക്രീറ്റിംഗ്

4.പൊങ്ങുവിള-വള്ളക്കടവ്റോഡ്സൈഡ് കോൺക്രീറ്റിംഗ്, റീടാറിംഗ്

5.ഭരതൻമുക്ക്-നെല്ലിപ്പള്ളിമുക്ക് മെററലിംഗ്,ടാറിംഗ്

സൈറ്റ് പരിശോധനയിൽ 2015-16 സാമ്പത്തികവർഷത്തിൽ നടത്തിയ നാലു റോഡുകൾ ഉൾപ്പെടുത്തിയിരുന്നു. ടി റോഡുകൾക്കും യാതൊരു തകരാറുകളും

വന്നിട്ടില്ല.

## 3-7 സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും-മീറ്റർ സ്ഥാപിച്ചിട്ടില്ല

ബഹുവർഷപ്രോജക്റ്റായ സ്ട്രീറ്റ് മെയിൻ വലിക്കലും മീറ്റർ സ്ഥാപിക്കലും എന്ന പ്രോജക്ടിൽ പ്രതീക്ഷിക്കുന്ന നേട്ടം ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം തുക അടയ്ക്കുന്നതുമൂലം വൈദ്യുതി ചാർജ് കുറയുന്നു എന്നതാണ്. എന്നാൽ 2015-16 വർഷത്തിൽ ടി പദ്ധതിക്കായി കെ.എസ്.ഇ.ബി-യുടെ വിവിധ സെക്ഷൻ ഓഫീസുകളിലായി 37,89,795/- രൂപ ഒടുക്കിയിരുന്നു. ആയതിന് ലഭ്യമായ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റുകൾപ്രകാരം ലൈൻ എക്സ്റ്റൻഷൻ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മീററർ ലഭ്യമാകുന്നമുറയ്ക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നല്കിയതുക വിനിയോഗിക്കുന്നതണെന്ന് അറിയിച്ചിട്ടുണ്ട്. നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പ്രോജക്ട് ലക്ഷ്യം സഫലമായിട്ടില്ല എന്ന് കണക്കാക്കാവുന്നതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡെപ്പോസിറ്റ് തുക | യു.സി. ലഭിച്ചത് | മീറ്റർ സ്ഥാപിക്കാൻ വകയിരുത്തിയ തുക | കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് |
|---|---|---|---|---|
| 1 | 5,11,795/- | 4,69,395/- | 42,400/- | ഇലക്ട്രിക്കൽ സെക്ഷൻ, കരുനാഗപ്പള്ളി |
| 2 | 32,78,000/- | 29,86,500/- | 2,91,500/- | ഇലക്ട്രിക്കൽ സെക്ഷൻ , മണപ്പള്ളി |

ഈ പ്രോജക്ടിൽ 2016-17 സാമ്പത്തികവർഷം വിവിധ വാർഡുകളിൽ ലൈൻ വലിക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനുമായി 40,91,370/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കിയിട്ടില്ല

2015-ലെ പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഫോട്ടോപതിച്ച വോട്ടർപട്ടിക തയ്യാറാക്കുന്നതിനുവേണ്ടി ഫീൽഡ് വേരിഫിക്കേഷൻ നടത്തിയ 25 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് ഓണറേറിയം ഇനത്തിൽ 1,500/- രൂപ നിരക്കിൽ തനതുഫണ്ടിൽനിന്ന് നൽകിയ ഇലക്ഷൻ കമ്മിഷൻവിഹിതം തിരികെ

ലഭ്യമാക്കുന്നതിന് നാളിതുവരെയായി നടപടികൾ സ്വീകരിച്ചിട്ടില്ല.

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷന്റെ 28.10.14 ലെ 552/14/SE നമ്പർ ഉത്തരവ് പ്രകാരം ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർക്ക് 2,000/-രൂപ ഓണറേറിയം അനുവദിച്ചിരുന്നു. ഇതിൽ 500/- രൂപ തദ്ദേശസ്വയംഭരണസ്ഥാപനവും, 1,500/- രൂപ ഇലക്ഷൻ കമ്മീഷനും നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ ഇലക്ഷൻ കമ്മീഷൻവിഹിതം ലഭ്യമാക്കാൻ കാലതാമസം വരുമെന്നതിനാൽ ആയതുകൂടി താൽകാലികമായി പഞ്ചായത്തുഫണ്ടിൽനിന്നും നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്നമുറക്ക് 1,500/- രൂപ നിരക്കിലുള്ള തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് റീംബേഴ്സ് ചെയ്തു നൽകുന്നതാണെന്നും സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻ 21.03.15 ലെ 2614/എഫ്/14 നമ്പർ കത്തുപ്രകാരം അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 25 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 37,500/-രൂപ തനതുഫണ്ടിൽനിന്നും വിതരണം ചെയ്തു.എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം നാളിതുവരെയായി റീഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല. 25 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 1,500/- രൂപ നിരക്കിൽ ചെലവഴിച്ച 37,500/- രൂപ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 വൈദ്യുതി ചാർജിന്റെയും വെള്ളക്കരത്തിൻെറയും കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

2016-17 സാമ്പത്തികവർഷത്തിൽ വിവിധ ഇലക്ട്രിക് സെക്ഷനുകളുടെ പരിധിയിലായി പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ (കൺസ്യൂമർ നം.4167) പ്രതിമാസ വൈദ്യുതി ചാർജ് 1,42,410/-രൂപയാണ്. കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനിൽനിന്ന് 5-8-2015ൽ പുതുക്കിയ ഡിമാന്റ് ലഭ്യമാക്കിയതിൽ 985 ഓർഡിനറി ബൾബുകളും ഉൾപ്പെടുന്നു. പ്രതിമാസം 60,085/- രൂപയാണ് ഓർഡിനറി ബൾബുകൾക്കായി പഞ്ചായത്ത് ചെലവഴിക്കുന്നത്. പഞ്ചായത്ത് അധികൃതരും കെ.എസ്.ഇ.ബി.യുമായി ചേർന്ന് തെരുവുവിളക്കുകളുടെ എണ്ണം, തരം അവ സ്ഥിതിചെയ്യുന്ന സ്ഥലം എന്നിവ സംബന്ധിച്ച സംയുക്തപരിശോധന നടത്തുകയോ മീറ്റർ ഘടിപ്പിക്കുന്ന പ്രോജക്ട് നാളിതുവരെ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.

മീറ്റർ അടിയന്തിരമായി സ്ഥാപിച്ച് വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈയിനത്തിലെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിക്കുന്ന തുക വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 1,36,063/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. 311 ടാപ്പുകളുടെ തുകയാണിത്, പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് നടപടിയുണ്ടായിട്ടില്ല. തനത് വരുമാനത്തിൽനിന്നും വൻതുകയാണ് വെള്ളക്കരമിനത്തിൽ പ്രതിവർഷം അടയ്ക്കേണ്ടിവരുന്നത്. പ്രതിവർഷം വൻതുക അടവാക്കിയിട്ടും കുടിശ്ശിക നിലനില്ക്കുന്നതിനാൽ ഫൈൻ ഉൾപ്പെടെ അടവാക്കേണ്ട തുക വർഷംതോറും കൂടിവരുന്നതായി കാണുന്നു.

ഇവ സംബന്ധിച്ച നൽകിയ എൻക്വയറിക്ക് (നം.5/22-9-2017) തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. അടിയന്തിരമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും കുടിശ്ശിക ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ വിഷയങ്ങളിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,71,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | 1,71,000 | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2016-17 | 1,71,000 | ശാരീരിക മാനസിക വെല്ലുവിളികൾ | 1,71,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് | | |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2016-17 | 1,20,000 | നെൽക്കൃഷി വികസനം | 1,20,000 | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2016-17 | 4,00,000 | പാലിനു സബ്സിഡി | 4,00,000 | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2016-17 | 97,500 | നെൽകൃഷി വികസനം | 97,500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ്വർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മണപ്പള്ളി | ലൈൻ എക്സ്റ്റൻഷനം, മീറ്റർ സ്ഥാപിക്കലും (പ്രോജക്ട് നം -133/17) | വൗച്ചർ നം 700/17 | 20,36,200 | - | 20,36,200 |
| അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഓച്ചിറ. | ലൈൻ എക്സ്റ്റൻഷനം, മീറ്റർ സ്ഥാപിക്കലും (പ്രോജക്ട് നം- | വൗച്ചർ നം 681/17 | 1,59,970 | - | 1,59,970 |

| | | | | | |
|---|---|---|---|---|---|
| | 133/17) | | | | |
| അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, കരുനാഗപ്പള്ളി നോർത്ത്. | ലൈൻ എക്സ്റ്റൻഷനം ,മീറ്റർ സ്ഥാപിക്കലും (പ്രോജക്ട് നം-133/17) | വൗച്ചർ നം 682/17 | 3,49,250 | 0 | 3,49,250 |
| അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, മണപ്പള്ളി | ലൈൻ എക്സ്റ്റൻഷനം, മീറ്റർ സ്ഥാപിക്കലും (പ്രോജക്ട് നം-133/17) | വൗച്ചർ നം-854/17 | 15,45,950 | 0 | 15,45,950 |
| കേരള വാട്ടർ അതോറിറ്റി | തട്ടാശ്ശേരി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം-130/17) | വൗച്ചർ നം-517/17 | 6,75,198 | 0 | 6,75,198 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം-131/17) | വൗച്ചർ നം-683/17, 684/17, 685/17 | 33,00,000 | 0 | 33,00,000 |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ (പ്രോജക്ട് നം-80/17) | വൗച്ചർ നം-845/17 | 2,02,000 | 0 | 2,02,000 |
| കേരള വാട്ടർ | കടത്തൂർ | വൗച്ചർ | 4,00,000 | 0 | 4,00,000 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | എസ്.സി കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം-130/17) | നം-847/17 | | | |
| പി.ഡബ്ള്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ | അംഗന വാടികൾക്ക് വൈദ്യുത കണക്ഷൻ (പ്രോജക്ട് നം-135/17) | വൗച്ചർ നം-779/17, 780/17 | 2,59,300 | 0 | 2,59,300 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,626/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2014-15 | 2-2(7) | 1,250 | ഷാജഹാൻ,<br>നിസാർ മൻസിൽ | 11602102228/<br>27-10-16 |
| 2014-15 | 3-1 | 1,080 | ഷുഭ.ബി,<br>മാണിക്യത്ത് | 11602101465/<br>29.8.16 |
| 2014-15 | 3-4 | 1,296 | റജീന ജേക്കബ്ബ്,<br>കൃഷി ഓഫീസർ | 11602101484/<br>31.8.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,48,47,455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,26,33,926 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,18,99,005 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,82,401 | ഡോ.എ.ബീന,മെഡിക്കൽ ഓഫിസർ(ആയുർവേദം) |
| 3-1 | 1,17,000 | ഡോ.ഷെഹന.എസ്,മെഡിക്കൽ ഓഫിസർ(പി.എച്ച്.സി) |

| | | |
|---|---|---|
| 3-2 | 6,25,000 | ഡോ.ഡി.വി.ബീന,വെറ്റിനറി സർജൻ |
| 3-3 | 6,75,198 | ശ്രീ.ബി.സുരേഷ് കുമാർ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 82,52,670 | ശ്രീ.എസ്.പ്രദീപ്,ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 3-4 | 16,46,736 | ശ്രീ.വി.വി.ശോഭനകുമാരി,ഹെഡ്മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി.2/1235(3)/14 തീ.16-6-14 | 1 |
| 1998-99 | എൽ.എഫ്.ക്യൂ.പി.2/1235(4)/14 തീ.16-6-14 | 1 |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.ക്യൂ.പി.2/1235(5)/14 തീ.16-6-14 | 1 |
| 2000-2001 | എൽ.എഫ്.ക്യൂ.പി.2/1235(6)/14 തീ.16-6-14 | 1 |
| 2001-2002 | എൽ.എഫ്.ക്യൂ.പി.2/1235(7)/14 തീ.16-6-14 | 11 |
| 2002-2003 | എൽ.എഫ്.ക്യൂ.പി.2/1235(8)/14 തീ.16-6-14 | 4 |
| 2003-2004 | എൽ.എഫ്.ക്യൂ.പി.2/1235(9)/14 തീ.16-6-14 | 15 |
| 2004-2005 | എൽ.എഫ്.ക്യൂ.പി.2/1235(10)/14തീ.16-6-14 | 6 |
| 2005-2006 | എൽ.എഫ്.ക്യൂ.പി.2/1235(11)/14തീ.16-6-14 | 6 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.2/1235(12)/14തീ.16-6-14 | 9 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.2/1235/14 തീ.16-6-14 | 10 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.2/1871/14 തീ.14-8-14 | 6 |
| 2009-2010 | എൽ.എഫ്.ക്യൂ.പി.2/1402/14 തീ.10-10-14 | 11 |
| 2010-2011& 2011-2012 | എൽ.എഫ്.ക്യൂ.പി.2/2856/14 തീ.16-1-15 | 6 |
| 2012-13 & 2013-2014 | കെ.എസ്.എ.കെ.എൽ.എം.പി2-276/16 തീ.31-3-16 | 6 |
| 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി2-1010/16 തീ.2-7-16 | 19 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി2-53/17 തീ.3-2-17 | 9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ്കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം -പി.8–1806/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –23/10/2017

## സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തഴവ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം